ഉത്തരം

(എ) 1989 മാർച്ച് മാസത്തിലാണ് അവസാനമായി പുനഃസംഘടിപ്പിച്ചത്.

(ബി ആന്റ് സി) 1953-ലെ നഴ്സസ് ആന്റ് മിഡ്വൈവ്സ് ആക്ടിലെ മൂന്നാം വകുപ്പിലെ 2-ാം ഉപവകുപ്പ് പ്രകാരം എക്സ് ഒഫീഷ്യോ അംഗങ്ങളും സർക്കാർ നോമിനേറ്റ് ചെയ്യപ്പെടുന്നവരും, രജിസ്ട്രേഡ് നഴ്സുമാരിൽ നിന്നും, രജിസ്ട്രേഡ് മിഡ്വൈഫുമാരിൽനിന്നും, രജിസ്ട്രേഡ് ഹെൽത്ത് വിസിറ്റർമാരിൽ നിന്നും, മെഡിക്കൽ കൗൺസിലിലെ അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവരുമാണ് നഴ്സിംഗ് കൗൺസിൽ അംഗങ്ങളായി നിയോഗിക്കപ്പെടേണ്ടത്.

(ഡി) ഇപ്രകാരം ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

സർക്കാർ നഴ്സിംഗ് കോളേജുകളിൽ ട്യൂട്ടർമാരുടെ ഒഴിവുകൾ

135 [960] ശ്രീ. ജോണി നെല്ലൂർ:

„ ഷിബു ബേബിജോൺ:

„ ഉമേഷ് ചള്ളിയിൽ:

„ എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ നഴ്സിംഗ് കോളേജുകളിൽ എത്ര ട്യൂട്ടർമാരുടെ ഒഴിവുകൾ ഉണ്ടെന്ന് സ്പെഷ്യാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(ബി) പി.എസ്.സി. വഴി അവസാനമായി നഴ്സിംഗ് കോളേജുകളിലേക്ക് ട്യൂട്ടർമാരെ നിയമനം നടത്തിയത് എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) നഴ്സിംഗ് കോളേജുകളിലെ ഒഴിവുകൾ നികത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 11 ഒഴിവുകൾ ഉണ്ട്. (ട്യൂട്ടർ തസ്തികയിൽ പ്രത്യേകം സ്പെഷ്യാലിറ്റി വിഭാഗം ഇല്ല).

(ബി) ഇതിനുമുമ്പ് പി.എസ്.സി. വഴി നിയമനം നടത്തിയിട്ടില്ല. ആദ്യമായി 24-4-2002-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 95/02/എച്ച്. ആന്റ് എഫ്./ഡബ്ല്യു. പ്രകാരം നിലവിലുള്ള 11 ഒഴിവുകൾ പി.എസ്.സി. മുഖാന്തിരം നികത്തുന്നതിന് പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്.

(സി) പി.എസ്.സി. വഴി നിയമനം നടത്തുന്നതുവരെ താൽക്കാലിക ജീവനക്കാരെ നിയമിച്ച് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly